بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 13.02.2015

## (22 RABI'UL AAKHIR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

## മനസ്സിന്റെ പ്രചോദനങ്ങളല്ലാ ദിവ്യവെളിപാടുകൾ
## INSPIRATION OF THE MIND V/S DIVINE REVELATION

സലാമിനുശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു.

എന്റെ കാലഘട്ടത്തിൽ ഒരു വളരെ വലിയ തെറ്റിദ്ധാരണ, ദൈവീക ദൃഷ്ടാന്തവുമായി, ഈ നൂറ്റാണ്ടിൽ നിലനിൽക്കുന്നു. എല്ലാ മതങ്ങളുടെയും അടിത്തറ തോണ്ടുന്ന കാര്യവുമാണത്. ആയതിനാൽ മതത്തിന്റെ അടിസ്ഥാന സത്ത തന്നെ പരിപൂർണ്ണമായി മാറ്റത്തിന് വിധേയമായി. അതിൻഫലമായി, ദൈവീക പ്രകാശമാകുന്ന വെളിപാടുകളുടെ സ്ഥാനത്ത്, മനുഷ്യ മനസ്സുകളിൽ രൂപംകൊള്ളുന്ന ആശയങ്ങൾ പകരം വെച്ചിരിക്കുന്നു; അത് സത്യമാണെന്ന് സ്ഥാപിക്കുവാനുള്ള ശ്രമം തുടരുന്നു. അതിലൂടെ വെളിപാടുകളുടെ നിർവ്വചനം തികച്ചും തെറ്റായി മനസ്സിലാക്കുകയും അതിന് പൊതു അംഗീകാരം ലഭിക്കുകയും ചെയ്തിരിക്കുന്നു. ചിന്താ സ്വാതന്ത്ര്യവും, കാലദൈർഘ്യവും കടന്നുപോയപ്പോൾ, ഖാത്തമുന്നബിയീൻ ആയ മുഹമ്മദ് (സ) ടെ ആഗമനാനന്തരം, ലോകത്തിന്റെ ബഹുഭൂരിഭാഗം പ്രദേശങ്ങളിലും അത് വിശ്വസിക്കുവാൻ ഇടയായി ; അതായത് വെളിപാടുകൾ എന്നത് മനുഷ്യ മനസ്സുകളുടെ വെറും വ്യാപാരങ്ങളാണ് എന്ന് ; ഇങ്ങനെ ചിന്തിക്കുവാനുള്ള കാരണം; ദൈവത്തിന് വാക്കുകളിലൂടെ സംസാരിക്കുവാൻ കഴിയില്ല എന്ന വിശ്വാസവും മനസ്സിന്റെ ഗ്രഹണവുമാണ്. കാരണം അവൻ ഭൗതിക വസ്തുക്കൾകൊണ്ട് സൃഷ്ടിക്കപ്പെട്ടവനല്ല ; അതുപോലെ അവൻ മനുഷ്യനെപ്പോലെ ഭൗതിക വസ്തുക്കളെ ആശ്രയിക്കുന്നവനുമല്ല !

എന്റെ വ്യക്തിപരമായ അനുഭവത്തിലൂടെ ഞാൻ വിശദീകരിക്കുകയാണ്. വെളിപാടുകൾ വാക്കുകളിലൂടെയാണ് എത്തിക്കുന്നത്. ആശയം എത്തിക്കുന്ന രീതി ഉറപ്പുള്ളതും, സംശയരഹിതവുമാണ്, ഒരാൾ മറ്റൊരാളോട് ആശയം എത്തിക്കുന്നതുപോലെ. വെളിപാടുകൾ വാക്കുകളിലൂടെ എത്തിക്കുന്നില്ലെങ്കിൽ, അത് തികച്ചും സംശയരഹിതമാവുകയില്ല; പരിപൂർണ്ണ ഉറപ്പിലേക്ക് അത് നമ്മെ നയിക്കുകയുമില്ല. ദൈവീക വെളിപാടുപോലെ കാണുന്ന ഓരോ തോന്നലുകളും, ഓരോ മനുഷ്യന്റെയും സ്വന്തം മാനസിക ചാപല്യങ്ങളായിരിക്കാം. ആ തോന്നലുകൾ അവനെ സ്വയം വഞ്ചനയിലാഴ്ത്താം, മാനവകുലത്തിനെ വഴികേടിലുമാക്കാം. വെളിപാടുകളെക്കുറിച്ച് പ്രചാരത്തിലുള്ള തെറ്റായ ഗ്രഹണം, പല സന്ദർഭങ്ങളിലും സംഭവിച്ചിട്ടുള്ള, മാനസിക ചാപല്യങ്ങളെയും യഥാർത്ഥ വെളിപാടുകളെയും വേർ തിരിച്ചറിയാൻ കഴിയാതെ പോയതുമൂലമാണ്, ബഹുഭൂരിഭാഗം ആളുകളും കാര്യങ്ങൾ തെറ്റായി മനസ്സിലാക്കിയിരിക്കുന്നത്. സംശയങ്ങളും തെറ്റിദ്ധാരണകളും നീക്കം ചെയ്യുന്നതിനാണ് വെളിപാടുകൾ. അത് വാക്കുകളിലൂടെ ലഭ്യമായില്ലെങ്കിൽ, അത് സംശയത്തിന്റെയും അനിശ്ചിതത്വത്തിന്റെയും വാതിലുകൾ മലർക്കെ തുറന്നിടുകയും, അങ്ങനെ വെളിപാടുകളും മാനസിക ചാപല്യങ്ങളും തമ്മിൽ വേർതിരിച്ചറിയുവാൻ മാർഗ്ഗമില്ലാതെവരുന്നതുമാണ്. വെളിപാടുകൾ വാക്കുകളിലൂടെ എത്തിക്കുന്നതാണ് ; അതിന് അസാധാരണമായ മഹത്വവും മഹിമയും ഉണ്ടായിരിക്കും. ദൈവവും മനുഷ്യനും തമ്മിൽ അഭിമുഖ സംഭാഷണം സാധ്യമാകുന്നതാണ് ; രണ്ട് വ്യക്തികൾ തമ്മിൽ സംഭാഷണം നടത്തുന്നതുപോലെ ! വെളിപാട് സ്വീകർത്താവ് , മറ്റ് തെളിവുകളോ വാദമുഖങ്ങളോ നൽകേണ്ടതില്ലാത്ത നിലയിൽ, നിശ്ചിതാവസ്ഥയുടെ നിലവാരത്തിലേക്കുയരുന്നു. ദൈവത്തിന് സംസാരിക്കുന്ന ഒരു നാവ് ഉണ്ടോ എന്നത് ഒരു ചോദ്യമാണ്. അതിന്റെ മറുപടിയായി നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം, ദൈവത്തിന് തന്റെ ഇംഗിതം പ്രകടിപ്പിക്കുവാൻ ഭൗതിക വസ്തുക്കളെ ആശ്രയിക്കേണ്ടതില്ല; അവൻ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത് ഭൗതികകരങ്ങളില്ലാതെയാണ് ; ഭൗതിക കണ്ണുകൾ ഇല്ലാതെ അവൻ കാണുന്നു; അതുകൊണ്ട് തന്നെ ഭൗതിക നാവ് ഇല്ലാതെ തന്നെ അവന് സംസാരിക്കുവാൻ കഴിയുന്നതാണ്. അതെ ! ദൈവം സംസാരിക്കുന്നു എന്നു നാം പറയുമ്പോൾ, അവൻ ഒരു നാവ് ഉപയോഗിച്ച് സംസാരിക്കുന്നു എന്നതിനർത്ഥമില്ല. എന്നാൽ അവൻ പ്രകൃതിയിൽ അത്തരം ചില ചലനങ്ങൾക്ക് നിർദ്ദേശം കൊടുക്കുന്നു.

അപ്പോൾ അവ വാക്കു രൂപത്തിൽ ആയി തീരുകയും വെളിപാട് സ്വീകർത്താവ് അത് കേൾക്കുകയും ചെയ്യുന്നു. വാക്ക് രൂപത്തിൽ അവൻ സ്വയം നിൽക്കേണ്ട ആവശ്യമില്ല ; എന്നാൽ ആരിലാണോ ഈ സന്ദേശം എത്തിക്കേണ്ടത്, അയാൾ അതിനായി നിൽക്കേണ്ടതാണ്. വാക്ക് രൂപത്തിലാണ് വെളിപാടുകൾ എത്തിക്കുന്നത് എന്നത് ഞാൻ വെറുതെ അവകാശപ്പെടുകയല്ല; മറിച്ച് എന്റെ അനുഭവത്തിൽ നിന്നാണ്. ഞാനിത് ജീവിച്ച് അറിഞ്ഞിട്ടുള്ളതാണ്! അൽഹംദുലില്ലാഹ് ! ഈ വിനീതന്റെ പ്രാർത്ഥനയിലൂടെ അനേകം ആളുകൾ, എന്റെ അനുയായികൾ, സത്യാന്വേഷികൾ, മറ്റുള്ളവർ, മൗറീഷ്യസിലെ ദൈവീക ദൃഷ്ടാന്തത്തിന്റെ പ്രാരംഭം മുതൽ, ഈ ആത്മീയ ശക്തിയിൽ നിന്ന് പ്രയോജനം ഉൾക്കൊള്ളുകയും സർവ്വ ശക്തനിൽ നിന്നും എനിക്ക് ലഭിക്കുന്നതാണെന്ന് സത്യപ്പെടുത്തിയിട്ടുള്ളതുമാകുന്നു.അത്തരം വെളിപാടുകൾ അവർക്ക് ലഭിച്ചിരുന്നു; ഇപ്പോഴും ലഭിക്കുവാൻ കഴിയുന്നതുമാണ്. ഈ വെളിപാടുകൾ വ്യക്തമായ സൂചനകളാണ്. അവർ ചേർന്നു നിൽക്കുന്നത് ആരോടാണ് എന്ന് ! വണ്ട് പുഷ്പത്തോട് ചേർന്നു നിൽക്കുന്നതുപോലെ ! ഒരു ശിഖരം വൃക്ഷത്തോടു ചേർന്നു നിൽക്കുന്നതുപോലെ അതുപോലെ പ്രകാശ വാഹകന്റെ പ്രകാശത്തിൽ നിന്നുള്ള പ്രകാശം ലഭിക്കുന്നതുപോലെ ! പ്രത്യേക പ്രകാശങ്ങൾ നൽകുന്നവനെ അല്ലാഹു അവർക്കായി തെരഞ്ഞെടുക്കുകയും ഈ നൂറ്റാണ്ടിൽ, അവരെ പാപങ്ങളുടെയും അജ്ഞതയുടെയും അന്ധകാരത്തിൽ നിന്ന് പുറത്തുകൊണ്ടുവരുവാനായി നിയോഗിക്കുകയും ചെയ്തിരിക്കുന്നു.

എന്നാൽ ചിലപ്പോൾ, അല്ല മിക്കപ്പോഴും, യഥാർത്ഥ വെളിപാടുകളുടെ തേജോവലയം അനുഭവിച്ചറിയുന്നതിൽ, ജനങ്ങൾ, പരാജയപ്പെടുന്നു. കാരണം അവരുടെ അതിലേക്കുള്ള, ഹൃദയവാതിലുകൾ അവർ അടച്ചുകളഞ്ഞു. അടച്ച ഹൃദയവുമായി, ഏതുപോലെ എന്നാൽ, ഒരു വീടിന്റെ വാതിലുകൾ അടച്ചിട്ടിരിക്കുന്നു; ജനലുകൾ അടച്ചിട്ടിരിക്കുന്നു; അവയിൽ കർട്ടൺസ് വലിച്ചിട്ടിരിക്കുന്നു; ആയതിനാൽ അവിടം ഇരുട്ടായിരിക്കുന്നു. സൂര്യ പ്രകാശം അവിടെ തുളച്ചു കയറുമെന്ന് ഒരാൾക്ക് പ്രതീക്ഷിക്കാൻ കഴിയുമോ ? അതുപോലെ ഒരുവന്റെ ഹൃദയം അടച്ചിട്ടിരുന്നാൽ ദൈവീക പ്രകാശം ആന്തരികമായി കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുവാൻ പറ്റുമോ ? അവനെ നേർപാതയിൽ അത് നയിക്കുമെന്ന് പ്രതീക്ഷിക്കുവാൻ കഴിയുമോ ?

അല്ലാഹുവിന്റെ സന്ദേശ വാഹകൻ, ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധി, ഈ നൂറ്റാണ്ടിൽ നിങ്ങൾക്കെല്ലാപേർക്കുമായി ഈ വിനീതൻ, ഈ സന്ദേശം എത്തിക്കുവാനുള്ള ഭാരിച്ച ജോലിയുമായി വന്നിരിക്കുന്നു. ഹൃദയങ്ങൾ തുറക്കുവാൻ അദ്ദേഹത്തിന് കഴിയില്ല; പ്രകാശം കടത്തുവാനും കഴിയില്ല. അദ്ദേഹത്തിന് പ്രകാശം ബാഹ്യമായി വ്യാവിപ്പിക്കുവാൻ കഴിയും. സന്ദേശം ആഴത്തിൽ എത്തിക്കുവാൻ കഴിയും. എന്നാൽ ഹൃദയത്തിന്റെ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ അല്ലാഹുവിന്റെ ഇച്ഛയും കഴിവും ഇല്ലാതെ കഴിയുകയില്ല, പ്രബോധിപ്പിക്കപ്പെട്ട പ്രകാശം സ്വീകർത്താവിന് വിശ്വാസവും, അവന്റെ ഉള്ളിൽ പ്രകാശത്തെ സ്വീകരിക്കുവാനുള്ള മനോഭാവവും ഇല്ലാതെ സാധിക്കുകയില്ല. ചില സത്യാന്വേഷകർക്ക് വെളിപാടിന്റെ സമ്മാനങ്ങൾ ലഭിക്കുന്നു; അത് പരിശുദ്ധ വചനം പറയുന്ന അല്ലാഹുവിന്റെ പ്രതിനിധിയുടെ സത്യത ഉറപ്പിക്കുന്നതിനുവേണ്ടിയാണ്. ഇത് ലഭിക്കുന്നതിലൂടെ, അവന്റെ വിശ്വാസത്തെ ബലപ്പെടുത്തുകയും, ദൈവ വിശ്വാസം സുദൃഢമാവുകയും, അവൻ നിയോഗിച്ച ദൂതനെ അംഗീകരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതന് ഇറങ്ങിയ ദിവ്യവെളിപാടുകൾക്ക് സാക്ഷ്യം വഹിക്കുകയും, അവർക്ക് തന്നെ ദിവ്യവെളിപാടുകൾ ഇറങ്ങുകയും, ദൈവദൂതന്റെ സത്യതയും വെളിപാടുകളുടെ സത്യതയും വെളിപ്പെടുകയും ചെയ്ത ശേഷം, അത്ഭുതമെന്ന് പറയട്ടെ, അവരെല്ലാം ഇതിൽ നിന്ന് പിൻതിരിഞ്ഞു പോയിരിക്കുന്നു. ആ വെളിപാടുകളെല്ലാം മനസ്സിന്റെ മിഥ്യാഭ്രമമായിരുന്നുവെന്ന് വിളിച്ചോതിക്കൊണ്ട് ! ജനങ്ങളിൽ വച്ച് ഏറ്റവും ദൗർഭാഗ്യർ ഇത്തരം ആൾക്കാരാണ്. സത്യം ദർശിച്ച ശേഷം, സത്യത്തെ അസത്യമാണെന്ന് പറയുക, സത്യത്തെ മനസ്സിന്റെ മിഥ്യാഭ്രമമാണെന്ന് പറയുക. ദൈവീക ദൃഷ്ടാന്തത്തിൽ നിന്ന് അവർക്ക് പിന്തിരിഞ്ഞു പോകാനുള്ള അവരുടെ അടവ് നയം മാത്രമാണിത്.

വെളിപാടുകളുടെ അവസ്ഥയുടെ വിശദീകരണത്തിലൂടെ മതത്തിന്റെ മേലുള്ള അപകടകരമായ കടന്നാക്രമണത്തെ നിരീക്ഷിക്കുവാനും സൂക്ഷ്മത കൈക്കൊള്ളുവാനുമായി ഞാൻ പാത തുറന്നിട്ടിരിക്കുകയാണ്. എല്ലാ ദൈവീക ഗ്രന്ഥങ്ങളുടെയും വിശ്വാസ്യതയെ ചോദ്യം ചെയ്തുകൊണ്ട്, വെളിപാടുകൾ വെറും മനസ്സിന്റെ തോന്നലുകൾ മാത്രമാണ് എന്ന വിശദീകരണം നൽകി, മതാധ്യാപനങ്ങളിൽ നിന്നും വഴുതിപ്പോകുന്ന അവസ്ഥ വളരെ അപകടകരം തന്നെ ! മാനവകുലത്തിന്റെ ക്ഷേമത്തിനായി ലഭിക്കുന്ന, സുരക്ഷിതത്വവും, ഉറപ്പുമുള്ള ദൈവീക ഉറവിടത്തിൽ നിന്നുള്ള വാക്കുകളെ, ദൈവം തെരഞ്ഞെടുക്കുന്ന വ്യക്തിയിലൂടെ, വെളിപാട് രൂപത്തിൽ ലഭിക്കുന്ന അനിതരസാധാരണമായ അവസ്ഥാ വിശേഷമുള്ള വചനങ്ങളെ / വെളിപാടുകളെ ഭൂമിയിൽ ജീവിക്കുന്ന സാധാരണ മനുഷ്യർക്ക് അറിവ് എന്ന നിലയിൽ ലഭിക്കുന്ന മനോവ്യാപാരങ്ങളോട് ഒരു

വിധത്തിലും താരതമ്യപ്പെടുത്താവതല്ല.

വെളിപാടുകളാൽ അല്ലാഹു (ത) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ തുടർന്നും അനുഗ്രഹിക്കട്ടെ ! അതിലൂടെ അല്ലാഹു (ത) മായി കൂടുതൽ സാമീപ്യം കരസ്ഥമാക്കുവാൻ കഴിയട്ടെ ! ഒരിക്കൽ എനിക്ക് ഈ വെളിപാടുകൾ ലഭിക്കുകയുണ്ടായി. **"അല്ലാഹുവിന്റെ പ്രകാശത്തിലേക്ക് ആഴ്ന്നിറങ്ങുകയും അവന്റെ സ്നേഹം നുകരുകയും ചെയ്യുക".** ആയതിനാൽ അല്ലാഹുവിന്റെ പ്രകാശത്തിലേക്ക് എത്രകണ്ട് ആഴ്ന്നിറങ്ങുന്നുവോ അത്ര കണ്ട് സ്നേഹം നുകരുവാൻ സാധിക്കുന്നതാണ്. ഇൻശാ അല്ലാഹ് ! ആമീൻ.

ഖുത്തുബ അവസാനിപ്പിക്കുന്നതിനു മുമ്പ് മൗറീഷ്യസ് മുൻ പ്രധാന മന്ത്രി നവിൻ ചന്ദ്ര റാംഗുലാമിന്റെ 06.02.2015 ൽ ഉണ്ടായ അറസ്റ്റിനെ സംബന്ധിച്ചും അദ്ദേഹത്തിന്റെ മേൽ ചാർത്തിയിരിക്കുന്ന കുറ്റങ്ങളെക്കുറിച്ചും ഏതാനും വാക്കുകൾ പറയുവാൻ ആഗ്രഹിക്കുകയാണ്. ജനാധിപത്യത്തിന്റെ പേരിൽ ഏകാധിപത്യവാഴ്ച നടത്തിയ ആളാണ് അദ്ദേഹം. അതുകൊണ്ട് തന്നെ ഈ നടപടി നിഷ്ഠൂരമൊന്നുമല്ല. എന്റെ പ്രിയ അനുചരമാർ ഓർക്കുന്നുണ്ടാവും. 2010 മുതൽ ഞാനും എന്റെ അനുചരന്മാരും, മൗറീഷ്യസിനെ തകർക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന, ഒരു ദരിദ്ര രാജ്യമാക്കി മാറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന, സാമ്പത്തിക ഞെരുക്കത്തിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ഒരു രാഷ്ട്രീയ നേതാവിനെ തൽസ്ഥാനത്ത് നിന്ന് മാറ്റുന്നതിനായി നിരന്തരം ദു ആ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

2014 ലെ ജനറൽ ഇലക്ഷനിൽ, ഞാൻ ഒരു സ്വപ്നത്തെക്കുറിച്ച് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടാകും. സർ അനിരൂദ് ജഗ്നാഥ്, പോൾ ബറിൻജറെ ആക്ഷേപിക്കുന്നില്ല; പകരം അദ്ദേഹത്തെ പുകഴ്ത്തുകയാണുണ്ടായത്. കാരണം അദ്ദേഹം മൗറീഷ്യസിനെയും ലേബർ പാർട്ടിയേയും ശുദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; 2015 ഫെബ്രുവരി 6 മുതൽ നിങ്ങൾ ആ ശുദ്ധീകരണം കണ്ടുകൊണ്ടിരിക്കുകയാണ്. മുൻ പ്രധാനമന്ത്രി നവീൻ റാംഗുലാം അറസ്റ്റിലാണ്. മോക്കാ ഡീറ്റെൻഷൻ സെന്ററിൽ ഏതാനും മണിക്കൂർ തടഞ്ഞുവയ്ക്കുകയും ചെയ്തു. അതിന് ശേഷമാണ് റിമാന്റ് കോടതിയിൽ ഹാജരാക്കിയതും ജാമ്യാപേക്ഷ സമർപ്പിക്കാനായതും. കഴിഞ്ഞ ആഴ്ചയുടെ അവസാന നാളുകൾ അദ്ദേഹത്തിന് ഒരു നരകം തന്നെയായിരുന്നു. അന്വേഷണത്തിന്റെ നടുവിലായിരുന്നു. സെൻട്രൽ കുറ്റാന്വേഷണ വകുപ്പിൽ ഇത് സംബന്ധമായി അദ്ദേഹത്തെ കൊണ്ടു പോകുകകയും, തിരിച്ചു കൊണ്ടു വരുകയും , തെളിവെടുപ്പുകളും വീട്ടിൽ സൂക്ഷിച്ചിരുന്ന പണം എണ്ണിതിട്ടപ്പെടുത്തലുകളും (185 മില്ല്യൺ രൂപയിലധികം 2 വലിയ അലമാരകളിലും സ്യൂട്ട്കേസിലുമായി സൂക്ഷിച്ചിരുന്നത്) ആയിരുന്നു. സെൻട്രൽ സി.ഐ.ഡി.യുടെ മുമ്പാകെയും, പോലീസ് സന്നാഹത്തിന്റെ മുമ്പാകെയും, നിയമജ്ഞരുടെ മുമ്പിലും, മൗറീഷ്യസ് ബാങ്ക് പ്രതിനിധികളുടെ മുമ്പിലും, ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ മുമ്പിലും കണക്കുകൾ ബോധിപ്പിക്കേണ്ടി വന്നു. പണം കൊള്ളയടിച്ചതിൽ അദ്ദേഹത്തെ സംശയിക്കുന്നു. റോച്ചി- നോയിർ കൊലപാതക കേസിലും സംശയിക്കുന്നു.തുടർന്ന് അദ്ദേഹത്തിന്റെ വീട്ടിൽ തടിച്ചുകൂടിയ ആയിരക്കണക്കിന് മൗറീഷ്യൻ ജനങ്ങളുടെ മുമ്പിൽ വച്ച് അറസ്റ്റ് ചെയ്യുകയുണ്ടായി. ഇത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും അപമാന നിമിഷങ്ങളായിരുന്നു.

പോൾ ബറിൻജറെ ജനങ്ങൾ പരിഹസിക്കാറുണ്ടായിരുന്നു. കാരണം ഇത്തരത്തിലുള്ള ഒരാളുമായി സഖ്യമുണ്ടാക്കിയതിന് ! ഇന്ന് ഞാൻ രാഷ്ട്രത്തെ ഉണർത്തുവാൻ ആഗ്രഹിക്കുകയാണ് ! പി.ടി.ആർ - എം.എം.എം. സഖ്യത്തിന്റെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ചർച്ചയ്ക്കൊടുവിൽ പൊതു തെരഞ്ഞെടുപ്പിനുള്ള തീരുമാനം കൈക്കൊള്ളുകയും മൗറീഷ്യൻ ജനതയെ രക്ഷിക്കുകയും കുറ്റവാളികളെ പുറത്താക്കുകയും ചെയ്യുക എന്നതായിരുന്നുവല്ലോ തെരഞ്ഞെടുപ്പ് ലക്ഷ്യം. അതേ വ്യക്തി നിയമത്തിന്റെ മുമ്പിൽ കുറ്റവാളിയായും കൊലപാതക കേസിൽ സംശയാലുമായ വ്യക്തി, അദ്ദേഹം 2015 മെയ് വരെ പ്രധാനമന്ത്രിയായി തുടരുമായിരുന്നു. രാഷ്ട്രീയ സഖ്യത്തിലൂടെയും വിഘടനതയിലൂടെയും അത്തരം ഒരു സാഹചര്യം നിലവിൽ വരുകയും, പോൾ ബറിൻജറെ തന്റെ സഖ്യത്തിൽ കിട്ടിയപ്പോഴാണ് അദ്ദേഹത്തിന് വിശ്വാസം വരികയും തന്റെ സഖ്യം വിജയിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷയുണ്ടായത് ! എന്നാൽ അത്ഭുതമെന്ന് പറയട്ടെ അങ്ങനെ സംഭവിച്ചില്ല. മുൻ പ്രധാനമന്ത്രിയെ അറസ്റ്റ് ചെയ്ത ശേഷം, ഇപ്പോഴത്തെ പ്രധാനമന്ത്രിയും, പ്രതിപക്ഷ നേതാവും, മുൻ പ്രധാനമന്ത്രിക്ക് നേരിടേണ്ടി വന്ന സാഹചര്യത്തെക്കുറിച്ച് ഖേദിക്കുന്നില്ല. അതെ ! നിങ്ങൾ വിതയ്ക്കുന്നത് നിങ്ങൾ കൊയ്യുന്നതാണ് ! ഒരു രാഷ്ട്രീയ ആത്മഹത്യ പോൾ ബറിൻജർ ചെയ്തെങ്കിലും അദ്ദേഹത്തിന്റെ രാഷ്ട്രീയ മാന്യത സന്ദിഗ്ദ്ധാവസ്ഥയിലായെങ്കിലും- അദ്ദേഹത്തിന്റെ നല്ല ഉദ്ദേശങ്ങളുടെ ഫലം അദ്ദേഹം കൊയ്യുക തന്നെ ചെയ്തു. മൗറീഷ്യസിനെ ശുദ്ധീകരിക്കുക, പാർലമെന്റിൽ തെരഞ്ഞെടുത്ത ഒരംഗം എന്ന നിലയിൽ പ്രവർത്തിക്കുക, തന്റെ പ്രസ്ഥാനത്തിന്റെ വിശ്വാസ്യത ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ കഴിയുക ; വീണ്ടും അദ്ദേ

ഹത്തെ പ്രസ്ഥാന തലവനായി തെരഞ്ഞെടുക്കുക - ഇതൊക്കെ ഈ തെരഞ്ഞെടുപ്പിലൂടെ അദ്ദേഹം നേടി; മറിച്ച് മുൻ പ്രധാന മന്ത്രി പൊതു തെരഞ്ഞെടുപ്പിൽ തോറ്റു ; തന്റെ പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനം ഒഴി യേണ്ടിയും വന്നു. വിചാരണ നേരിടുകയും ചെയ്യുന്നു.

നിശ്ചയം ! അല്ലാഹു മഹത്വമുടയവനാണ്. ഈ വിനീതനെയും, മൗറീഷ്യൻ ജനതയെയും, പ്രാർത്ഥന യുടെ വിജയം കാണിച്ചിരിക്കുകയാണ്. മൗറീഷ്യസിന്റെ നന്മയ്ക്കും ഭാവി ഭാസുരതയ്ക്കും അർപ്പിച്ച നിഷ്കളങ്ക പ്രാർത്ഥനകൾ സ്വീകരിച്ചിരിക്കുന്നു. അൽഹംദുലില്ലാഹ് ! അല്ലാഹു (ത) എല്ലാം വ്യക്തമാക്കി തന്നുകൊണ്ടിരി ക്കുന്നു. അത് രാഷ്ട്രീയ രംഗമായാലും ശരി ആത്മീയ രംഗമായാലും ശരി ! ഇൻശാ അല്ലാഹ് ! ദു ആയിലൂടെ വെളിവാക്കപ്പെട്ട എല്ലാ ദൃഷ്ടാന്തങ്ങളെയും ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുവാനുള്ള കഴിവും ധൈര്യവും അല്ലാഹു (ത) വിനീതനു പ്രദാനം ചെയ്യട്ടെ ! ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, അവന്റെ വിനീത സേവകന്റെ സത്യത തെളിയിക്കുവാൻ അതിലൂടെ സാധ്യമാകട്ടെ ആമീൻ.

2001- 2002 കാലഘട്ടത്തിൽ എനിക്ക് വെളിവാക്കി തന്ന വെളിപാട് ഈ അവസരത്തിൽ ഓർക്കുന്നു. അതായത് **"ഇത്തരം ആളുകളെ അവരുടെ നാശത്തിലേക്ക് അവൻ എത്തിക്കുന്നതാണ്, അൽപാല്പമായി എന്താണ് സംഭവിക്കുന്നതെന്നറിയാതെ !"**

എല്ലാ സ്തുതികളും അല്ലാഹുവിന് മാത്രമുള്ളതാകുന്നു. അനീതികൾ ദീർഘകാലം ഒരിക്കലും നില നിൽക്കില്ല. ഒരു ദിവസം അല്ലെങ്കിൽ തൊട്ടടുത്ത ദിവസം , അത്യുദാത്തമായ നിലയിൽ അല്ലാഹു (ത) നീതി നട പ്പാക്കുന്നതാണ്. അവനിൽ ജനങ്ങൾക്കുള്ള വിശ്വാസം അരക്കിട്ടുറപ്പിക്കുവാനായി ! അൽഹംദുലില്ലാഹ്.


**<u>Translated& Issued By</u>**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*******